ഉത്തരം

(എ&ബി) ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചു വരുന്നു.

മെക്കനൈസ്ഡ് പാർക്കിംഗ് സിസ്റ്റം

132 (1506) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ 'മെക്കനൈസ്ഡ് പാർക്കിംഗ് സ്ഥാപിക്കുന്നതാണ് എന്ന 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംവിധാനം ഒരുക്കുന്നതിനായി 2013-14-ലെ ബഡ്ജറ്റിലും തുടർന്നുള്ള ബഡ്ജറ്റിലും അനുവദിക്കപ്പെട്ട തുക എത്രയാണ്;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തുകയിൽ എത്ര തുക ചെലവഴിച്ചു വെന്നറിയിക്കാമോ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ നഗര പ്രദേശങ്ങളിൽ ആധുനിക യന്ത്രവൽകൃത പാർക്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. എങ്കിലും ശരിയായ പ്രോജക്ട് പ്രൊപ്പോസൽ ലഭിക്കാത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല.

(ബി&സി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

കൊട്ടാരക്കര നഗരസഭ

133 (1507) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നഗരസഭയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി തുക അനുവദിക്കുമോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) കൊട്ടാരക്കര നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് അവശ്യം വേണ്ട ജീവനക്കാരുടെ നിയമനം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊട്ടാരക്കര നഗരസഭയ്ക്ക് ചുവടെ കൊടുത്തിരിക്കുംപ്രകാരമുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട് :

(ലക്ഷം രൂപയിൽ)

ജനറൽ പർപ്പസ് ഫണ്ട്	21,95,001
റോഡ് സംരക്ഷണ ഫണ്ട്	30,71,666
റോഡിതര സംരക്ഷണ ഫണ്ട്	10,41,000
വികസന ഫണ്ട് (പൊതു വിഭാഗം)	26,71,886
വികസന ഫണ്ട് (എസ്.സി.പി.)	24,59,666
വികസന ഫണ്ട് (ടി.എസ്.പി.)	27,000
ലോകബാങ്ക് സഹായം	3,38,078
ആകെ	1,18,04,297

(ബി) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ നിലവിലുണ്ടായിരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ താൽക്കാലികമായി നിലനിർത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കുന്ന നടപടിക്രമങ്ങൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു.

മാലിന്യമുക്ത കേരളം പദ്ധതി

134 (1508) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റയുടനെ 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മാലിന്യമുക്ത കേരളം പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയുടെ കീഴിൽ നടപ്പാക്കപ്പെട്ടിട്ടുള്ളത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുകയാണ് ഓരോ വർഷവും അനുവദിക്കപ്പെട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly